**Ad.A1 55195/hse/2013** **തീയതി: 07/02/2014**

# സർക്കുലർ

**വിഷയം**: ഹയർ സെക്കന്ററി വിദ്യാഭ്യാസം ആർ.ഡി.ഡി ഓഫീസുകളിൽ നിന്ന് നൽകുന്ന സേവനങ്ങൾക്ക് സമയപരിധി നിശ്ചയിക്കുന്നത് സംബന്ധിച്ച്:

ഹയർ സെക്കന്ററി ഡയറക്ടറേറ്റിന് കീഴിലുള്ള റീജിയണൽ ഡപ്യൂട്ടി ഡയറക്ടർ ഓഫീസുകളിൽ മെഡിക്കൽ റീ.-ഇംബേഴ്സ്മെന്റ് പി.എഫ് നിയമനാംഗീകാരം മുതലായ ഫയലുകൾ തീർപ്പാക്കുന്നതിന് വളരെയധികം കാലതാമസമുണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നിലവിൽ മൂന്ന് ആർ.ഡി.ഡി ഓഫീസുകൾ മാത്രം ഉള്ള സാഹചര്യത്തിൽ അമിതമായ ജോലി ഭാരം ഈ ഓഫീസുകളിൽ നിലനിൽക്കുന്നതിനാൽ മേൽ സൂചിപ്പിച്ച ഫയലുകൾ തീർപ്പാക്കുന്നതിന് താമസം ഉണ്ടാകുന്നത് ന്യായമാണ് എന്ന് ബോധ്യപ്പെട്ടിട്ടുണ്ട് . എന്നാൽ മലപ്പുറത്ത് പുതിയ റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ ഓഫീസ് ആരംഭിച്ചു കഴിഞ്ഞ സാഹചര്യത്തിലും കോട്ടയം,കണ്ണൂർ എന്നിവിടങ്ങളിൽ ഫെബ്രുവരി മാസത്തിൽ തന്നെ പുതിയ ഓഫീസുകൾ ആരംഭിക്കുന്നതിനാലും റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ ഓഫീസുകളിൽ നിലനിൽക്കുന്ന ജോലി ഭാരം ലഘൂകരിക്കപ്പെടും. ഈ സാഹചര്യത്തിൽ വകുപ്പിനു കീഴിലുള്ള ആറ് ആർ.ഡി.ഡി ഓഫീസുകളിൽ നിന്നും ലഭ്യമാകുന്ന സേവനങ്ങൾ സമയബന്ധിതമായി നൽകുവാൻ ആർ.ഡി.ഡി മാർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്

ആർ.ഡി.ഡി ഓഫീസുകളിൽ നിന്നും ലഭ്യമാക്കുന്ന താഴെ പറയുന്ന സേവനങ്ങൾ അവയുടെ നേരെ ചേർത്തിരിക്കുന്ന സമയ പരിധിക്കുള്ളിൽ തീർപ്പാക്കേണ്ടതാണ്.

| **ക്രമനമ്പർ** | **സേവനം** | **സമയ പരിധി** | **അപ്പീൽ അധികാരി** |
|---|---|---|---|
| 1 | നിയമനാംഗീകാരം (എല്ലാ രേഖകളും അടങ്ങിയത്) | 2 മാസം | ഡയറക്ടർ |
| 2 | റിട്ടയർമെന്റ് ആനുകൂല്യ വിതരണം | 3 മാസം | ഡയറക്ടർ |
| 3 | പി.എഫ്.ലോൺ/എൻ.ആർ.എ (എയ്ഡഡ് സ്കൂൾ) അനുവദിക്കൽ | 20 ദിവസം | സീനിയർ ഫിനാൻസ് ഓഫീസർ |

| | | | |
|---|---|---|---|
| 4 | ജി.പി.എഫ്/എൻ.ആർ.എ ( ഡി.എച്ച്.എസ്.ഇ ലേക്ക് അയയ്ക്കേണ്ടത്)(അനുവദിക്കേണ്ടതും) | 10 ദിവസം | സീനിയർ ഫിനാൻസ് ഓഫീസർ |
| 5 | മെഡിക്കൽ റി-ഇംബേഴ്സ്മെന്റ് അപേക്ഷ ( ഡി.എച്ച്.എസ്/ഡി.എം.ഒ ക്ക് അയയ്ക്കുവാനുള്ളത്. (അനുവദിക്കേണ്ടതും) | 10 ദിവസം | ഡയറക്ടർ |
| 6 | മെഡിക്കൽ റി-ഇംബേഴ്സ്മെന്റ് അപേക്ഷ ( ഡി.എച്ച്.സി ക്ക് അയയ്ക്കുവാനുള്ളത്) | 20 ദിവസം | ഡയറക്ടർ |

മേൽ സൂചിപ്പിച്ച സമയപരിധി സംബന്ധിച്ച അപേക്ഷകർക്ക് നടപടിക്രമം 01/03/2014 മുതൽ കർശനമായി പാലിക്കേണ്ടതാണ്. ഇതു സംബന്ധിച്ച പരാതികൾ ഉള്ള പക്ഷം ഹയർ സെക്കണ്ടറി വിദ്യാഭ്യാസ ഡയറക്ടർക്കും സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസപർക്കും പരാതി സമർപ്പിക്കാവുന്നതാണ്. ഇതു സംബന്ധിച്ച അറിയിപ്പ് ഓഫീസിനു മുൻപിൽ പ്രദർശിപ്പിക്കേണ്ടതാണ്.

മേൽ പറഞ്ഞ സമയപരിധിക്കുള്ളിൽ സേവനങ്ങൾ ലഭ്യമാക്കുന്നതിൽ വീഴ്ച ഉണ്ടാകുന്നതായി പരാതി ലഭിക്കുന്ന പക്ഷം ബന്ധപ്പെട്ടവരുടെ മേൽ നടപടി സ്വീകരിക്കുന്നതാണ്.

**ഒപ്പ്**
**ഡയറക്ടർ**